# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3349** 11.05.2017-ൽ **മറുപടിക്ക്**

**കൊയിലാണ്ടി മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കൽ**

| | ചോദ്യം<br>ശ്രീ. കെ. ദാസൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൊയിലാണ്ടി മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കുന്നതിനായി നടന്നു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) & (ബി) | 05.05.17 ലെ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി കൊയിലാണ്ടി മണ്ഡലത്തിൽ ലഭിച്ച 1316 അപേക്ഷകളിൽ 1314 വീടുകൾക്കും വൈദ്യുത കണക്ഷൻ നൽകിയിട്ടുണ്ട്. പ്രസ്തുത കണക്ഷനുകൾ നൽകുന്നതിനായി ഇതുവരെ 17.825 കി.മീ എൽ.റ്റി ലൈൻ നിർമ്മിച്ചിട്ടുണ്ട്. ഇനി വൈദ്യുതി ലഭ്യമാക്കാനുള്ള 2 അപേക്ഷകർക്ക് കണക്ഷൻ നൽകുന്നതിനായി ലൈൻ വലിക്കുന്നതിനുള്ള സമ്മതം ലഭിച്ചിട്ടില്ല. പ്രസ്തുത അപേക്ഷകളിൽ ഒന്ന് കേരള ഹൈക്കോടതിയുടെയും രണ്ടാമത്തേത് കോഴിക്കോട് ADM ന്റെയും പരിഗണനയിലാണ് . |
| (ബി) | ഇതിന്റെ ഭാഗമായി ഇതു വരെ എത്ര അപേക്ഷകൾ കെ.എസ്.ഇ.ബി.യുടെ വിവിധ സെക്ഷനുകളിൽ ലഭിച്ചു; എത്ര പേർക്ക് ഇതിനകം കണക്ഷൻ നൽകി; ഇനി എത്ര പേരുടെ അപേക്ഷകളിൽ കണക്ഷൻ നൽകാനുണ്ട്; | | |
| (സി) | മണ്ഡലത്തെ എന്ന് സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കും; വിശദമാക്കുമോ? | (സി) | നിയമ തടസ്സങ്ങൾ ഇല്ലാത്ത എല്ലാ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകിയ സാഹചര്യത്തിൽ കൊയിലാണ്ടി മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകൃത മണ്ഡലമായി പ്രഖ്യാപിക്കാവുന്നതാണ്. |

Kemalatha

**സെക്ഷൻ ഓഫീസർ**